**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6231** **17-03-2023 - ൽ മറുപടിയ്ക്ക്**

**ഒറ്റപ്പാലം മണ്ഡലത്തിലെ സുഭിക്ഷ കേരളം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പ്രേംകുമാർ | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | ഒറ്റപ്പാലം മണ്ഡലത്തിൽ സഹകരണ സ്ഥാപനങ്ങൾ മുഖേന സുഭിക്ഷ കേരളം പദ്ധതിയിൽ ഉൾപ്പെടുത്തി എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | ഒറ്റപ്പാലം മണ്ഡലത്തിൽ സഹകരണ സ്ഥാപനങ്ങൾ മുഖേന സുഭിക്ഷ കേരളം പദ്ധതിയിൽ ഉൾപ്പെടുത്തി 3.50 ഏക്കർ സ്ഥലത്ത് പച്ചക്കറി കൃഷി,നെൽ കൃഷി എന്നിവ നടത്തുകയും, ഇപ്രകാരം ലഭിക്കുന്ന വിളകൾ ന്യായമായ വിലയിൽ വിൽപ്പന നടത്തുകയും ചെയ്യുന്നു. ഇതോടൊപ്പം മണ്ഡലത്തിലെ കർഷകർക്ക് ആവശ്യമായ തൈകളും വിത്തുകളും വിതരണം ചെയ്യുകയും കൃഷി ആവശ്യത്തിനായി, വായ്പകൾ ലഭ്യമാക്കുകയും ചെയ്യുന്നു. |
| (ബി) | പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി എത്ര കർഷകർക്ക് സഹകരണ സ്ഥാപനങ്ങൾ മുഖേന വായ്പ ലഭ്യമാക്കിയിട്ടുണ്ടെന്ന് അറിയിക്കാമോ; വിശദാംശം ലഭ്യമാക്കാമോ? | (ബി) | സുഭിക്ഷ കേരളം പദ്ധതിയിൽ ഉൾപ്പെടുത്തി ഒറ്റപ്പാലം മണ്ഡലത്തിലെ 3 കർഷകർക്ക് 3 ലക്ഷം രൂപ കൃഷി ആവശ്യത്തിനായി, സഹകരണ സ്ഥാപനങ്ങൾ മുഖേന, വായ്പ നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ